ഹദീസ്

# സ്നേഹപൂർവം ചേർത്തു പിടിക്കുക


അബ്ദുർറഹ്മാൻ ചെറുവാടി
archeruvadi11@yahoo.com


وَعنْ أَبِي سَعيدٍ وأَبِي هُرَيْرة رضيَ اللَّه عَنْهُمَا عن النَّبيِّ  قَالَ: مَا يُصِيبُ الْمُسْلِمَ مِنْ نَصَبٍ وَلاَ وَصَبٍ وَلاَ هَمٍّ وَلاَ حَزَن وَلاَ أَذًى وَلاَ غمٍّ، حتَّى الشَّوْكَةُ يُشَاكُها إِلاَّ كفَّر اللَّه بهَا مِنْ خطَايَاه (متفقٌ عَلَيهِ)

**അബൂസഈദും അബൂഹുറൈറയും ഉദ്ധരിക്കുന്നു. നബി (സ) പറഞ്ഞു: തളർച്ച, രോഗം, ദുഃഖം, വ്യസനം, ഉപദ്രവം, വിഷാദം എന്നല്ല മുള്ളു തറക്കുന്നതു പോലും മുസ്‌ലിമിനെ ബാധിക്കുകയില്ല; അതുവഴി അയാളുടെ പാപങ്ങളിൽ നിന്ന് അല്ലാഹു പൊറുത്തുകൊടുത്തിട്ടല്ലാതെ (ബുഖാരി, മുസ്‌ലിം).**

ഇന്ന് ഏറ്റവും കൂടുതൽ കേൾക്കുന്ന പരസ്യവാചകമാണ്, 'രോഗിയോടല്ല രോഗത്തോടാണ് നമ്മുടെ സമരം' എന്നത്. എന്നിട്ടും രോഗവ്യാപനവും രോഗിയോടുള്ള അരുതായ്മകളും കൂടിവരികയാണ്. ക്വാറന്റൈൻ പാലിക്കുന്നവരെ ഉപദ്രവിക്കുക, അതിനുള്ള ഏർപ്പാടുകൾ തടയുക തുടങ്ങിയ പ്രവണതകളും കൂടിവരുന്നതായാണ് വാർത്തകൾ. രോഗത്തോടും രോഗിയോടും ഇസ്‌ലാമിനു പക്ഷേ, വ്യതിരിക്തമായ സമീപനമാണുള്ളത്. മുസ്‌ലിംകൾ ഈ രംഗത്ത് എങ്ങനെ പെരുമാറണമെന്ന് അത് കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്.

രോഗം വന്നുചേരുന്നതാണ്, ആരും സ്വയം വരുത്തിവെക്കുന്നതല്ല. ''അല്ലാഹുവിന്റെ അനുമതിയില്ലാതെ ആർക്കും ഒരാപത്തും സംഭവിക്കുന്നില്ല'' (*അത്തഗാബുൻ*: 11). ജാഗ്രതക്കുറവു കൊണ്ട് ചിലപ്പോഴെങ്കിലും അതിനുള്ള നിമിത്തങ്ങൾ നമ്മളുണ്ടാക്കുന്നത് വിസ്മരിക്കുന്നില്ല. ഇക്കാര്യത്തിലും നബി (സ) തന്നെയാണ് മികച്ച മാതൃക. രോഗമുള്ളതും ഇല്ലാത്തതുമായ ഒട്ടകങ്ങളെ ഒന്നിച്ചു താമസിപ്പിക്കുന്നതും ഒപ്പം വെള്ളം കുടിപ്പിക്കുന്നതും അവിടുന്ന് വിലക്കി. പ്ലേഗുള്ള സ്ഥലത്തേക്ക് വരുന്നതും അവിടെയുള്ളവർ പുറത്തേക്കു പോകുന്നതും തടഞ്ഞു. കച്ചവടാവശ്യാർഥം വന്ന കുഷ്ഠ രോഗിക്ക് മദീനയിൽ പ്രവേശിക്കാൻ അനുമതി നിഷേധിച്ചു. രോഗവ്യാപനത്തിനെതിരെ അവിടുന്ന് കാണിച്ച സൂക്ഷ്മതയുടെ മകുടോദാഹരണങ്ങൾ.

രോഗിക്ക് വലിയ പരിഗണനയും സഹകരണവുമാണ് ഇസ്‌ലാം നൽകുന്നത്. വ്യക്തിഗത നിർബന്ധങ്ങളായ ഇബാദത്തുകളിൽ പോലും രോഗിക്ക് ഇളവുകളുണ്ട്. ശുദ്ധീകരണാർഥം വെള്ളമുപയോഗിക്കുന്നതിന് പ്രയാസമുള്ള രോഗിക്ക് മണ്ണുപയോഗിക്കാം. ജുമുഅ ജമാഅത്തുകളിൽനിന്ന് മാറിനിൽക്കാം. നിന്നു കൊണ്ട് നിർവഹിക്കേണ്ട നമസ്കാരം ഇരുന്നോ കിടന്നോ മനസ്സാ നിരൂപിച്ചോ നിർവഹിക്കാം. നോമ്പ് വേറെ ദിവസങ്ങളിലേക്ക് മാറ്റിവെക്കാം. ഫിദ്‌യ നൽകി ഹജ്ജിലെ ചടങ്ങുകൾ ക്രമീകരിക്കാം. യുദ്ധത്തിൽനിന്നു പോലും വിട്ടുനിൽക്കാം. രോഗിയുടെ പ്രയാസങ്ങളെ പരിഗണിച്ചു കൊണ്ട് മതാനുഷ്ഠാനങ്ങളിൽ പോലും ഇളവുകൾ നൽകി ചേർത്തു പിടിക്കുന്ന ഇസ്‌ലാം, രോഗിയെ ഒറ്റപ്പെടുത്തുന്ന പ്രവണതയെ ഒരു നിലക്കും അംഗീകരിക്കുന്നില്ല.

രോഗം നൽകുന്നതും സുഖപ്പെടുത്തുന്നതും അല്ലാഹുവാണ്. ''ഞാൻ രോഗിയായാൽ സുഖപ്പെടുത്തുന്നതും അവൻ തന്നെ'' (*അശ്ശുഅറാഅ്*: 80). അതിനാൽ രോഗത്തെയൊ രോഗിയേയൊ കുറ്റപ്പെടുത്താനോ ശപിക്കാനോ പാടില്ലെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഒരിക്കൽ ഉമ്മുസ്സാഇബിനെ പ്രവാചകൻ സന്ദർശിച്ചു. രോഗിണിയായ അവർ തന്റെ പനിയെപ്പറ്റി വെറുപ്പ് പ്രകടിപ്പിച്ചപ്പോൾ പ്രവാചകൻ പറഞ്ഞു: 'നിങ്ങൾ പനിയെ കുറ്റപ്പെടുത്തരുത്. അത് മനുഷ്യന്റെ പാപങ്ങളെ കൊല്ലന്റെ ഉലഇരുമ്പിന്റെ ദുഷ്ടുകളെയെന്ന പോലെ നീക്കിക്കളയുന്നു' (മുസ്‌ലിം). മറ്റൊരു ഹദീസിലുള്ളത് 'മരങ്ങൾ ഇലപൊഴിക്കും പോലെ രോഗം മൂലം അല്ലാഹു പാപങ്ങൾ പൊഴിച്ചുകളയും' എന്നാണ്. പതിവായി ചെയ്യുന്ന കർമങ്ങളുടെ പ്രതിഫലം അവ തടസ്സപ്പെടുമ്പോഴും രോഗിക്കും യാത്രികനും അല്ലാഹു നൽകിക്കൊണ്ടിരിക്കും എന്നും പ്രവാചകൻ വ്യക്തമാക്കിയിട്ടുണ്ട്.

മുകളിലെ ഹദീസിൽ രോഗദ്വയങ്ങൾ പരാമർശിച്ചിരിക്കുന്നു. തളർച്ചയും രോഗവും ബാധിക്കുക ശരീരത്തെയാണ്. ദുഃഖം, വ്യസനം, വിഷാദം എന്നിവ മാനസികമാണ്. ഉപദ്രവം രണ്ടു വിധത്തിലുമുണ്ടാകാം. കായികപ്രയത്നം മൂലമുണ്ടാകുന്ന പ്രയാസമാണ് തളർച്ച. അധ്വാനം അവസാനിക്കുന്നതോടെ അത് വിട്ടകലും. എന്നാൽ ഒരാളുടെ സാധാരണനില രൂപപരമായോ ധർമപരമായോ അപചയപ്പെടുന്ന അവസ്ഥയാണ് രോഗം. ഇത്തരം ഏത അവസ്ഥയിൽനിന്നും മോചനം കിട്ടാൻ ക്ഷമ, പ്രാർഥന, ചികിത്സ എന്നീ മാർഗങ്ങളാണ് വിശ്വാസി അവലംബിക്കേണ്ടത്. പ്രവാചകൻ പറഞ്ഞു: 'രോഗവും മരുന്നും ഇറക്കിയത് അല്ലാഹുവാണ്. എല്ലാ രോഗത്തിനും അവൻ മരുന്നും നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ ചികിത്സിക്കുക. എന്നാൽ നിഷിദ്ധമായവ കൊണ്ട് ചികിത്സിക്കരുത്' (അബൂദാവൂദ്).

ചികിത്സ ലഭിക്കാനുള്ള രോഗിയുടെ അവകാശം ഇസ്‌ലാമികദൃഷ്ടിയിൽ മൗലികമാണ്. ചികിത്സ നിഷേധിക്കുന്നവർ നിയമപരമായി ഭൂമിയിലും ദൈവികമായി പരലോകത്തും ശിക്ഷിക്കപ്പെടും. രോഗാവസ്ഥ മറികടക്കാൻ രോഗിയെ സഹായിക്കേണ്ട ബാധ്യത സമൂഹത്തിനുണ്ട്. ചികിത്സാ സംവിധാനത്തിനു മുമ്പിൽ കലവറയില്ലാതെ രോഗവിവരം വെളിപ്പെടുത്തേണ്ട ബാധ്യത രോഗിക്കുമുണ്ട്. സമൂഹത്തിനു ഭീഷണിയാകാത്ത കാലത്തോളം, ഇത്തരം വിവരങ്ങളുടെ സ്വകാര്യതാ സംരക്ഷണം രോഗിയുടെ അവകാശമാണ്.

രോഗിയെ സന്ദർശിക്കുന്നതും സഹായിക്കുന്നതും അങ്ങേയറ്റം മഹത്വമുള്ള കാര്യമാണ്. അല്ലാഹുവിലേക്ക് അടുക്കാനുള്ള ഏറ്റവും നല്ല മാർഗമാണത്. മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഖുദ്സിയായ ഒരു ഹദീസിൽ പരലോകത്തു വെച്ച് അല്ലാഹുവും അടിമയും തമ്മിൽ നടക്കുന്ന ഒരു സംഭാഷണ ശകലം ഇങ്ങനെയാണ്: ‘മനുഷ്യപുത്രാ, ഞാൻ രോഗിയായി എന്നിട്ടും നീ എന്നെ സന്ദർശിച്ചില്ല.’ അടിമ: ‘തമ്പുരാനേ, ലോകനാഥനായ നിന്നെ ഞാൻ എങ്ങനെ സന്ദർശിക്കാനാണ്?’ അല്ലാഹു: ‘എന്റെ ദാസനായ ടിയാൻ രോഗിയെന്ന് നീ അറിഞ്ഞിരുന്നല്ലോ, എന്നിട്ടും നീ അവനെ സന്ദർശിച്ചില്ല. നീ അവനെ സന്ദർശിച്ചിരുന്നെങ്കിൽ എന്നെ നീ അവിടെ കാണുമായിരുന്നു എന്നതും നിനക്ക് അറിവുള്ളതല്ലേ ....!’ ദാസൻ ദൈവത്തെ സന്ദർശിക്കുന്ന വിശിഷ്ട വേളയായാണ് രോഗിയെ സന്ദർശിക്കുന്നതിനെ പ്രവാചകൻ വിവരിക്കുന്നത്. മുസ്‌ലിംകൾ പരസ്പരമുള്ള കടമകളിൽ ഒന്നാണത്. സന്ദർശകൻ രോഗിക്കു വേണ്ടിയും തിരിച്ചും നടത്തുന്ന പ്രാർഥനകൾ അവർ പരസ്പരം കൈമാറുന്ന ഏറ്റവും വലിയ ആത്മീയ പാരിതോഷികങ്ങളാണ്. രോഗി സ്ത്രീയായാലും പുരുഷനായാലും ഇസ്‌ലാമിക മര്യാദകൾ പാലിക്കുമെങ്കിൽ സന്ദർശനം അനുവദനീയമാണ്. രോഗിക്ക് ആശ്വാസം പകരുന്നതും ആത്മവിശ്വാസം കൂട്ടുന്നതുമായ വർത്തമാനങ്ങളായിരിക്കണം സന്ദർശകൻ പറയുന്നത്. ശയ്യാവലംബിയായ ഹാറൂൻ റശീദിനോട് ഒരാൾ പറഞ്ഞു; ‘വിഷമിക്കരുത്, സമാധാനമായിരിക്കുക. ആരോഗ്യം മരണത്തെ തടയുകയോ രോഗം ജീവിതത്തെ കൊണ്ടുപോവുകയോ ചെയ്യുന്നില്ല.’ ഹാറൂൺ റഷീദ് പറഞ്ഞു: ‘അല്ലാഹു സത്യം, ഉള്ളം കുളിർത്തു. നീ എന്റെ മനസ്സിന് സമാധാനം തന്നു.’

മഹാമാരികളുള്ളേടത്ത് സന്ദർശനം നിയന്ത്രിക്കപ്പെടുക സ്വാഭാവികമാണ്, അനിവാര്യവും. എന്നാൽ പൊതുവായ രോഗസന്ദർശനം തന്നെ നിരുത്സാഹപ്പെടുത്തുന്നത് ഇന്നൊരു സമ്പ്രദായമായി വളരുന്നുണ്ട്. ഇത് ഇസ്‌ലാമിക സംസ്കാരവുമായി ഒത്തുപോകുന്നതല്ല. മനശ്ശാസ്ത്രപരമായും ഈ പ്രവണത അപകടകരമാണ്. അറിവുള്ളവർ പറയുന്നത്, രോഗ പ്രതിരോധ ശേഷി വർധിക്കാൻ ഫലപ്രദമായ ഒന്നാണ് ഇഷ്ടക്കാരും പരിചിതരുമായ സ്നേഹജനങ്ങളുടെ സന്ദർശനവും ആശ്വാസം പകരലും എന്നാണ്.

രോഗശമനത്തിന് നിരന്തരം അല്ലാഹുവോട് പ്രാർഥിച്ചുകൊണ്ടിരിക്കണം. വന്നുപോയ തെറ്റുകളിൽ ഖേദത്തോടെ മാപ്പിരക്കണം. പരലോക മോക്ഷത്തിനായി കേണപേക്ഷിക്കണം. ഭാവിയിലേക്കുള്ള കരുതലായി അത് മാറണം, ജീവിച്ചാലും മറിച്ചു സംഭവിച്ചാലും. അപ്പോൾ രോഗം, അതൊരു മുള്ളുകൊണ്ടേറ്റ പോറലാണെങ്കിലും പാപങ്ങൾ കൊഴിഞ്ഞുപോകാനുള്ള നിമിത്തവും ദൈവിക സഹായം വന്നെത്താനുള്ള മാർഗവുമായി മാറും. ●

+91 97474 56118

Vol. No: 77 Issue No. 08 Printed (at Roshini Press, Madhyamam Complex, Calicut-673012, Kerala) and published by M.K. Muhammad Ali on behalf of Islamic Service Trust Kerala Kozhikode-12, Phone: 0495 - 2730744, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid